**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5474** **03-11-2021 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കിച്ചൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആരംഭിക്കാൻ തീരുമാനിച്ച സ്മാർട്ട് കിച്ചൻ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ; | (എ) | 06.10.2021ൽ ബഹു. കേരള ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സ്മാർട്ട് കിച്ചൺ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ആലോചനായോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്മാർട്ട് കിച്ചൺ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കരട് ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു. |
| (ബി) | ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സ്മാർട്ട് കിച്ചൺ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിനു ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ശിപാർശയുടെ സംക്ഷിപ്ത രൂപം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കുമോ? | (സി) | വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. ഓരോ വകുപ്പും ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### സ്മാർട്ട് കിച്ചൺ

ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും അടുക്കളയുടെ നവീകരണത്തിനും അതുവഴി ജോലിഭാരം കുറയ്ക്കുന്നതിനും കുടുംബങ്ങളിലെ സ്ത്രീ പുരുഷ തുല്യ പങ്കാളിത്തം ഉറപ്പവരുത്തുന്നതിനും ഒരു കുടുംബത്തിലെ ഏറ്റവും പ്രാധാന്യമുള്ള ഇടമാക്കി മാറ്റുന്നതിനും സ്മാർട്ട് കിച്ചൻ പദ്ധതി ലക്ഷ്യമിടുന്നു. എല്ലാ അംഗങ്ങൾക്കും തുല്യ ഉത്തരവാദിത്വവും പങ്കാളിത്തവും ഉള്ളതും, നൂതന രീതികൾ ഉൾക്കൊണ്ടുകൊണ്ട് ഏറ്റവും ആയാസരഹിതമായും നടത്തപ്പെടുന്ന അടുക്കളയും, വീടും, തൊഴിലിടവും ആണ് സ്മാർട്ട് കിച്ചൻ മുന്നോട്ട് വയ്ക്കുന്ന ആശയം. ഗാർഹിക ജോലികൾ കുടുംബാംഗങ്ങൾ പങ്കിടുന്നത് ജോലിഭാരം കുറയുകയും സ്ത്രീകളുടെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ ഇടപെടലുകളിൽ കൂടുതൽ സമയം ചെലവഴിക്കുന്നതിനും സാധിക്കുന്നു. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, മനോഭാവംമാറ്റം, അടുക്കളയിലും അടുക്കള ജോലികളിലും നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തൽ, അനുബന്ധ സംരംഭക വികസനം എന്നിങ്ങനെ വിവിധങ്ങളായ നാല് തലങ്ങളിലൂടെയാണ് സ്മാർട്ട് കിച്ചൻ എന്ന ആശയം നടപ്പിലാക്കാൻ സാധിക്കുക. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടാണ് സ്മാർട്ട് കിച്ചൻ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. KSFE, കേരള വാട്ടർ അതോറിറ്റി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്, ANERT, പബ്ലിക് റിലേഷൻ ഡിപ്പാർട്മെന്റ്, കുടുംബശ്രീ, പൊതു വിദ്യാഭ്യാസ വകുപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, വനിത ശിശു വികസന വകുപ്പ്, SC/ST എന്നീ വകുപ്പുകൾ സ്മാർട്ട് കിച്ചൻ പദ്ധതിയുടെ നടത്തിപ്പിൽ ഉൾപ്പെടുന്നു. വിവിധ വകുപ്പുകളും നിർവഹണ ഏജൻസികളും സ്മാർട്ട് കിച്ചൻ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

### പാചക വാതക കണക്ഷൻ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിലെ കുടുംബങ്ങൾക്ക് ഭക്ഷണം തയ്യാറാക്കുന്നതിന് സൗജന്യമായി നാച്ചുറൽ ഗ്യാസ് കണക്ഷൻ ലഭ്യമാക്കുക. ആയതിലേക്കുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിക്കുന്നതാണ്.

### സ്മാർട്ട് കിച്ചൺ വായ്പ പദ്ധതി

ആശ്രയ /ബി പി എൽ, AAY, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിലെ കുടുംബങ്ങൾക്ക് അടുക്കള ജോലി ലഘൂകരിക്കുന്നതിനുള്ള വീട്ടുപകരണങ്ങൾ

Sum

വാങ്ങുന്നതിനായി KSFE മുഖേന പലിശ രഹിത ലോണുകൾ ലഭ്യമാക്കുന്നു. ഇന്ററെസ്റ്റ്, സബ്‌വെൻഷൻ, സബ്സിഡി എന്നിവ ചെയ്യാൻ ഫിനാൻസ് ഡിപ്പാർട്ട്മെന്റിനെയും പലിശ ഇളവ് ചെയ്യാൻ KSFE യും നടപടികൾ സ്വീകരിക്കുന്നതാണ്.

**ബോധവത്കരണ പരിപാടി**

സ്കൂൾ/കോളേജ് തലങ്ങളിൽ തുല്യത, പങ്കാളിത്തം, കുടുംബം, സമൂഹം, ജൻഡർ റോളുകളുടെ രൂപീകരണം എന്നീ ആശയങ്ങൾ മുൻനിർത്തി പാഠ്യപദ്ധതിയിൽ പരിഷ്കരണം നടത്തുന്നതും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഇതര സ്റ്റാഫ് അംഗങ്ങൾക്കും ഇത് സംബന്ധിച്ച ബോധവത്കരണ പരിപാടികൾ വനിത ശിശു വികസന വകുപ്പ്, പൊതു/ഉന്നത/കോളേജ് വിദ്യാഭ്യാസ വകുപ്പുകൾ മുഖേന സംഘടിപ്പിക്കേണ്ടതുമാണ്.

പങ്കാളിത്ത പാചകം, രസകരമായ പാചകം എന്നിവ പരിശീലിപ്പിക്കുന്നതിനും ഒരു കുടുംബത്തിന് ആവശ്യമായ ആഹാരം കുടുബാംഗങ്ങൾ ഒരുമിച്ച് തയ്യാറാക്കി എടുക്കുന്ന ഒരു ജീവിത രീതി വളർത്തിയെടുക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പരിശീലന പരിപാടികളാണ് നടപ്പിലാക്കുന്നത്. ഇതിനായി പ്രാദേശിക തലത്തിലുള്ള പാചക വിദഗ്ധൻ/വിദഗ്ധ, വിവിധ മേഖലകളിൽ പ്രമുഖരായ വ്യക്തിത്വങ്ങൾ എന്നിവരെക്കൊണ്ട് പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

പാചകം കുടുംബത്തിലെ എല്ലാ ആളുകളും യോജിച്ച്, ആസ്വദിച്ച്, സന്തോഷത്തോടെ പങ്കാളികളാകേണ്ടതാണ്. അതിനായി കുട്ടികളുടെ പാഠ്യ പദ്ധതിയിൽ പാചക പരിശീലനം ഉൾപ്പെടുത്തുന്നു. കുട്ടികൾക്ക് വേണ്ടി പാചക സംബന്ധമായ പരിപാടികൾ കൈറ്റ് വിക്ടേഴ്സ് ചാനൽ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം തുടങ്ങിയവയിലൂടെ സംപ്രേക്ഷണം ചെയ്യും. പാചക മത്സരങ്ങൾ നടത്തി കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുന്നതിലൂടെ പാചകത്തിൽ കുട്ടികൾക്ക് നൈപുണി വളർത്തിയെടുക്കാനും സാധിക്കും.

പൊതുജനങ്ങളിൽ സ്മാർട്ട് കിച്ചൻ എന്ന ആശയത്തെ സംബന്ധിച്ച് തുല്യത, പങ്കാളിത്തം, കുടുംബം, സമൂഹം, ജൻഡർ റോളുകളുടെ രൂപീകരണം എന്നീ ആശയങ്ങൾ മുൻനിർത്തി വിവിധ തരത്തിലുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനാവശ്യമായ നടപടികൾ പൊതു/കോളേജ്/ഉന്നത വിദ്യാഭ്യാസ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, പബ്ലിക് റിലേഷൻ ഡിപ്പാർട്ടമെന്റ് എന്നിവർ സംയുക്തമായി സംഘടിപ്പിക്കുന്നതാണ്.

Seema

**സംരംഭകത്വം**

കുടുംബശ്രീ വഴി സെമി-പ്രിപ്പയേർഡ് ആയ ഭക്ഷണ സാധനങ്ങൾ, (നുറുക്കിയ പച്ചക്കറികൾ, ചിരകിയ തേങ്ങ, മാവുകൾ) ചേരുവകൾ (ഇഞ്ചി-വെളുത്തുള്ളി പേയ്സ്റ്റ്, മുളക്/മഞ്ഞൾ/മല്ലി പൊടികൾ) തുടങ്ങി പാചകം എളുപ്പമാക്കുന്ന വിവിധ ഉൽപ്പന്നങ്ങൾ കുടുംബങ്ങളിലേക്ക് എത്തിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുന്നതും അതിനായി ശീതീകരിച്ച സംഭരണ സംവിധാനത്തോടെയുള്ള കൗണ്ടറുകൾ പ്രാദേശികമായി ആരംഭിക്കുന്നതുമാണ്.

**കമ്മ്യൂണിറ്റി കിച്ചൺ**

പ്രാദേശിക തലത്തിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കിച്ചണുകളിൽ സ്മാർട്ട് കിച്ചൻ പദ്ധതി മുന്നോട്ടു വയ്ക്കുന്ന ആശയ പ്രകാരം പാചകത്തിൽ സ്ത്രീ പുരുഷ പങ്കാളിത്തം ഉറപ്പുവരുത്തുന്നതാണ്. ആദിവാസി വിഭാഗങ്ങൾക്ക് പൊതുവായ ഒരു കിച്ചൺ (ചായ്പ്പ്) തയ്യാറാക്കി കൊടുക്കുവാനും, അതിനു വേണ്ടുന്ന പ്രാരംഭ തുക വനിത ശിശു വികസന വകുപ്പും ബന്ധപ്പെട്ട വകുപ്പും വഴി കൊടുക്കുന്നതും പിന്നീടുണ്ടാകുന്ന ചെലവുകൾ ഗുണഭോക്താക്കൾ സംയുക്തമായി വഹിക്കുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതുമാണ്.

**പദ്ധതി വിലയിരുത്തൽ**

സ്മാർട്ട് കിച്ചൺ പദ്ധതിയുടെ വിലയിരുത്തൽ വനിത ശിശു വികസന വകുപ്പ് സമയബന്ധിതമായി നടത്തുന്നതാണ്.

Sun